Circular No: 162
**Inauguration of**
**Malabar Kudiyetta**
**Platinum Jubilee**

The Catholic Metropolitan's House
P.B.No.71, Kottayam
Kerala, India - 686001

Date: 20 -01 - 2015

പ്രിയ ബഹു. അച്ചാ, പ്രിയ ദൈവജനമേ,

1943 ഫെബ്രുവരി 2 ന് രാജപുരത്തേക്ക് ക്നാനായ സമുദായം നടത്തിയ മലബാർ കുടിയേറ്റത്തിന്റെ 3 വർഷം നീണ്ടുനിൽക്കുന്ന പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾക്ക് 2015 ഫെബ്രുവരി മാസത്തിൽ നാം തുടക്കം കുറിക്കുകയാണ്. ഭാരതം സ്വാതന്ത്ര്യം പ്രാപിക്കുന്നതിനു മുൻപുതന്നെ ക്നാനായ സമൂഹം നടത്തിയ ഈ സംഘടിത കുടിയേറ്റമാണ് പിന്നീട് മലബാറിലേക്കും മറ്റു പ്രദേശങ്ങളിലേക്കുമുണ്ടായ വിവിധ സംഘടിത കുടിയേറ്റങ്ങൾക്ക് തുടക്കം കുറിച്ചത് എന്നത് നാം അഭിമാനത്തോടെ അനുസ്മരിക്കണം. മലബാർ കുടിയേറ്റത്തിനു നേതൃത്വം നൽകിയ അഭിവന്ദ്യ ചൂളപ്പറമ്പിൽ പിതാവിനെയും ഷെവലിയർ വി.ജെ ജോസഫ് കണ്ടോത്തിനെയും ഈ അവസരത്തിൽ നമുക്ക് പ്രത്യേകം അനുസ്മരിക്കാം. നിരവധിയായ വെല്ലുവിളികൾ നേരിട്ടപ്പോഴും പട്ടിണിയും രോഗങ്ങളും പിൻതുടർന്നപ്പോഴും വിശ്വാസദീപ്തി ഒളിമങ്ങാതെ കാത്ത ആദ്യകാല മാതാപിതാക്കളെയും അവർക്കു കരുത്തും പ്രതീക്ഷയും പകർന്ന ബഹു. വൈദികരെയും നന്ദിയോടെ അനുസ്മരിക്കാം. ക്നാനായ സമുദായത്തിന് മലബാർ മേഖലയിൽ ആഴത്തിൽ ഈ വേരുപാകുവാൻ സംഘടിത കുടിയേറ്റങ്ങൾ ഏറെ സഹായിക്കുകയുണ്ടായി. 2014 സെപ്റ്റംബർ 9 മുതൽ 12 വരെ ചൈതന്യയിൽ നടന്ന മൂന്നാമത് അതിരൂപതാ അസംബ്ലി മലബാർ കുടിയേറ്റത്തിന്റെ പ്ലാറ്റിനം ജൂബിലി സമുചിതമായി ആചരിക്കണമെന്ന് നിർദ്ദേശിക്കുകയുണ്ടായി. അതിന്റെ വെളിച്ചത്തിൽ അഭിവന്ദ്യ പണ്ടാരശ്ശേരിൽ പിതാവിന്റെ നേതൃത്വത്തിൽ വിവിധ കമ്മറ്റികൾ പ്രവർത്തന സജ്ജമായി കഴിഞ്ഞു. ഈ വരുന്ന ഫെബ്രുവരി 2-ാം തീയതി രാജപുരം തിരുക്കുടുംബദേവാലയാങ്കണത്തിൽ വച്ച് പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഔപചാരികമായ ഉദ്ഘാടനം നടത്തണമെന്നാണ് നമ്മൾ തീരുമാനിച്ചിരിക്കുന്നത്. ആയതിലേക്ക് നിങ്ങളുടെ ഏവരുടെയും പ്രാർത്ഥനയും ശാരീരികമായി സന്നിഹിതരാകാൻ സാധിക്കാത്ത എല്ലാ ക്നാനായ മക്കളുടെയും ആത്മീയ സാന്നിദ്ധ്യവും ഉണ്ടാകണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.

ഈ ജൂബിലി ആഘോഷങ്ങൾ നമ്മെ സംബന്ധിച്ചിടത്തോളം സമുദായ അംഗങ്ങളുടെ വിശ്വാസവും തനിമയും ഒരുമയും ഊട്ടി വളർത്താൻ പോരുന്നതായിരിക്കണം. ജൂബിലി ആഘോഷിക്കുന്ന ഈ അവസരത്തിൽ നമ്മുടെ ശക്തിയും ദൗർബല്യങ്ങളും അറിഞ്ഞ് വിശ്വാസത്തിലേക്കും സാമുദായിക ഐക്യത്തിലേക്കും കൂടുതൽ ആഴപ്പെടുകയും കുറവുകൾ മനസ്സിലാക്കി തിരുത്തുന്നതിനുള്ള അവസരങ്ങൾ സൃഷ്ടിക്കുകയും വേണം. ക്നാനായ സമുദായാംഗങ്ങൾ പരസ്പരം പുലർത്തുന്ന ഐക്യവും സഹകരണവും ഏതൊരു സമൂഹത്തിനും അനുകരണീയമായ മാതൃകയാണ്.

സമുദായാംഗങ്ങളിൽ ആർക്കെങ്കിലും വ്യക്തിപരമായ അവശതകളോ വെല്ലുവിളികളോ നേരിടേണ്ടി വരുമ്പോൾ അവരെ സഹായിക്കാൻ ഒരു മനസ്സോടെ ഓടിയെത്തുന്ന ക്നാനായ കൂട്ടായ്മയാണ് ഭാരതത്തിലും ഭാരതത്തിനുപുറത്തും വളർന്നു പന്തലിക്കാൻ ഈ സമൂഹത്തെ സഹായിച്ചത് എന്ന കാര്യം നാം അനുസ്മരിക്കണം. സ്വാർത്ഥതയുടെ തടവറയിലേക്ക് താഴ്ന്നിറങ്ങാനുള്ള ആധുനിക സമൂഹത്തിന്റെ പ്രലോഭനങ്ങളെ അതിജീവിക്കുവാൻ നമ്മെ സഹായിക്കുന്ന ഈ സാഹോദര്യവും കൂട്ടായ്മയും ശക്തി

പ്പെടുത്താൻ കുടിയേറ്റ പ്ലാറ്റിനം ജൂബിലി നമുക്കു പ്രചോദനമാകണം.

മദ്യപാനം തുടങ്ങിയ സാമൂഹ്യതിന്മകൾക്കെതിരെ ഒറ്റക്കെട്ടായി പോരാടാനും ക്നാനായ സമുദായത്തെ നന്മയുടെ വഴിയിൽ വളർത്താനും നാം പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടിയിരിക്കുന്നു. മാറി വരുന്ന സാമൂഹ്യ ചുറ്റുപാടുകളിൽ ഏറി വരുന്ന മിശ്രവിവാഹം പോലെയുള്ള പ്രവണതകൾ നമ്മുടെ സഭയേയും സമുദാ യത്തെയും ബാധിക്കാതിരിക്കാൻ നാം നിരന്തരം ജാഗ്രത പുലർത്തേണ്ടിയിരിക്കുന്നു. ദൈവത്തിലുള്ള വിശ്വാസവും സമുദായത്തോടുള്ള പ്രതിബദ്ധതയും അലംഘനീയമൂല്യങ്ങളായി കാത്തുസൂക്ഷിച്ച നമ്മുടെ പിതാക്കന്മാരുടെ ചൈതന്യം ഉൾക്കൊണ്ടുകൊണ്ട് ക്നാനായ സമുദായത്തിൽ നിന്നുമാത്രം ജീവിത പങ്കാ ളിയെ തെരഞ്ഞെടുക്കുന്ന ക്നാനായ പൈതൃകം അരക്കിട്ടുറപ്പിക്കാൻ ജൂബിലി ആചരണം നമ്മെ സഹാ യിക്കട്ടെ.

ക്നാനായ ജനതയുടെ വ്യക്തിത്വത്തിൽ അലിഞ്ഞു ചേർന്ന കുടിയേറ്റ സ്വഭാവത്തിന് ആഴമേറിയ ഒരാദ്ധ്യാത്മികത ഉണ്ടെന്ന് നാം വിസ്മരിക്കരുത്. മെച്ചപ്പെട്ട ജീവിത സൗകര്യങ്ങൾക്കായുള്ള അന്വേ ഷണം എന്നതിനപ്പുറം കരംപിടിച്ചു നടത്തുന്ന ദൈവത്തിന്റെ വാഗ്ദാനത്തിൽ അടിയുറച്ചു വിശ്വസി ക്കുന്ന ഒരു സമൂഹത്തിന്റെ വിശ്വാസ തീർത്ഥാടനമാണത്. ധീരസാഹസികമായ മലബാർ കുടിയേറ്റത്തിന്റെ ഓർമ്മകളിൽ ഈ വിശ്വാസ തീർത്ഥാടനത്തിനു കരുത്തേകാൻ ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കും വ്യാപിച്ചുകൊണ്ടിരിക്കുന്ന ക്നാനായ മക്കൾക്ക് മലബാർ കുടിയേറ്റത്തിന്റെ പ്ലാറ്റിനം ജൂബിലി അവസര മൊരുക്കട്ടെ എന്നാശംസിച്ചുകൊണ്ട്.

മിശിഹായിൽ സ്നേഹപൂർവ്വം,

✠ **മാർ മാത്യു മൂലക്കാട്ട്**

കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത

---

N.B. ഈ സർക്കുലർ 2015 ഫെബ്രുവരി 1-ാം തീയതി ഞായറാഴ്ച നമ്മുടെ എല്ലാ ദേവാലയങ്ങളിലും വി. കുർബാനയർപ്പിക്കപ്പെടുന്ന സ്ഥാപനങ്ങളിലും വി. കുർബാന മദ്ധ്യേ വായിച്ചറിയിക്കേണ്ടതാണ്.